അസറ്റ്ഡവലപ്മെന്റ് ഫണ്ട്

151 (496) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആസ്തി വികസന ഫണ്ട് വിനിയോഗ ചുമതല സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് മാതൃകയിൽ ജില്ലാ കളക്ടറെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ടി വിഷയം തൽക്കാലം ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

നികുതി വർദ്ധനവിലൂടെയല്ലാതെയുള്ള വരുമാനവർദ്ധനവ്

152 (497) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നികുതി വർദ്ധനവിലൂടെയല്ലാതെ ഏതെല്ലാം നിലയിൽ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) വിവിധ വകുപ്പുകളിലൂടെ വർദ്ധിപ്പിച്ച ഓരോ ഇനവും വർദ്ധിച്ച നിരക്കും അതുവഴി പ്രതിവർഷം ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 23-9-2014 -ലെ ജി.ഒ.(പി) നമ്പർ 409/14/ധന. ഉത്തരവ് മുഖേന വിദ്യാഭ്യാസം, ആരോഗ്യം വകുപ്പുകളിലൊഴികെയുള്ള എല്ലാ വകുപ്പുകളിലെയും സേവനങ്ങളുടെ ചാർജ്ജുകളിലും ഫീസുകളും 15 മുതൽ 50% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) 10 രൂപയ്ക്ക് താഴെയുള്ള ഫീസുകളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. മറ്റ് ഫീസുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് താഴെപ്പറയും പ്രകാരമാണ് :

10 രൂപയ്ക്കും 1000 രൂപയ്ക്കുമിടയിൽ - 50%

1000 രൂപയ്ക്കും 10000 രൂപയ്ക്കുമിടയിൽ - 25%

10000 രൂപയ്ക്ക് മുകളിൽ - 15%

ഈ വർദ്ധനവ് വഴി പ്രതിവർഷം ഏകദേശം 350 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly